**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**
**(ഹയർസെക്കന്ററി വിഭാഗം)**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം**
**ഹാജർ : ജീവൻ ബാബു കെ, ഐ.എ.എസ്**
**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം - ജീവനക്കാര്യം- എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർസെക്കന്ററി വിഭാഗം) & ലാബ് അസിസ്റ്റന്റ് (ഹയർസെക്കന്ററി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നും 01/01/2016 മുതൽ 28/12/2020 വരെയുള്ള എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികമാറ്റ ഒഴിവുകളിലേക്ക് തസ്തികമാറ്റ നിയമനം - അന്തിമ സീനിയോറിറ്റി ലിസ്റ്റ് - പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നമ്പർ എഡി ബി2/194881/2021/ഡി.ജി.ഇ** **തീയതി : 10/01/2023**

---

പരാമർശം : 1. 16/04/2001 തീയതിയിലെ ജി.ഒ (പി) 144/2001/പൊ.വി.വ നമ്പർ ഉത്തരവ്
2. 01/12/2015 ലെ സ.ഉ.(കൈ) നം. 296/2015/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
3. 26/08/2016 ലെ സ.ഉ. (പി) 144/2016/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
4.30/01/2021 ലെ സ.ഉ. (അച്ചടി) നം. 2/2021/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10/08/2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ്**

പരാമർശം (1) ലെ കേരളാ ഹയർസെക്കന്ററി എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് പ്രകാരം എല്ലാ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളുടെയും തസ്തികമാറ്റ നിയമനത്തിനായി സംവരണം ചെയ്തിട്ടുള്ള 25% തസ്തികകളിൽ നിന്നും തസ്തികമാറ്റ നിയമനങ്ങൾക്കായി 01/01/2016 മുതൽ 28/12/2020 വരെ മാറ്റിവച്ച ഒഴിവുകളിലേക്ക് പരാമർശം (2, 3, 4) സർക്കാർ ഉത്തരവുകൾ പ്രകാരം യോഗ്യരായ എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർസെക്കന്ററി വിഭാഗം) & ലാബ് അസിസ്റ്റന്റ് (ഹയർസെക്കന്ററി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നുമുള്ള അദ്ധ്യാപകരെ/ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (5) പ്രകാരം അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. തുടർ പരിശോധനയിൽ ടി ലിസ്റ്റിൽ അപാകതകൾ ഉള്ളതായി കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച് താഴെ പറയുംപ്രകാരം ഉത്തരവാകുന്നു.

A. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി വിഷയത്തിൽ എച്ച്.എസ്.എ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി റജില ആർ രാജം ന്റെ (Application No. 1006715) അഡ്വൈസ്

തീയതി 20/02/2004 ആയതിനാൽ ടിയാളുടെ സീനിയോറിറ്റി ചുവടെ പറയും പ്രകാരം പുനഃക്രമീകരിക്കുന്നു.

| വർഷം | നിലവിലത്തെ സീനിയോറിറ്റി നമ്പർ | പുനഃക്രമീകരിച്ച സീനിയോറിറ്റി നമ്പർ |
|---|---|---|
| 2016 | 50 | 40 (a) |
| 2017 | 50 | 40 (a) |
| 2018 | 50 | 40 (a) |
| 2019 | 51 | 41 (a) |
| 2020 | 51 | 41 (a) |

B. എച്ച്.എസ്.എസ്.റ്റി ജൂനിയർ ഹിസ്റ്ററി വിഷയത്തിൽ എച്ച്.എസ്.എ വിഭാഗത്തിൽ നിന്നും അപേക്ഷ സമർപ്പിച്ച ശ്രീ.ഉണ്ണികൃഷ്ണ പിള്ള.ജെ യെ (Application No. 1006801) 2018 വർഷത്തെ എച്ച്.എസ്.എ വിഭാഗത്തിൽ സീനിയോറിറ്റി ലിസ്റ്റിൽ സീരിയൽ നമ്പർ 22(a) ആയി ഉൾപ്പെടുത്തി സീനിയോറിറ്റി പുനഃക്രമീകരിക്കുന്നു.

C. എച്ച്.എസ്.എസ്.റ്റി ജൂനിയർ പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ എച്ച.എസ്.എ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ.ജോസ് ജി.വി യെ (Application No. 1005535) 2016 മുതൽ 2019 വരെയുള്ള സീനിയോറിറ്റി ലിസ്റ്റുകൾ ചുവടെ സൂചിപ്പിക്കും പ്രകാരം ഉൾപ്പെടുത്തി സീനിയോറിറ്റി പുനഃക്രമീകരിക്കുന്നു.

| വർഷം | നിലവിലത്തെ സീനിയോറിറ്റി നമ്പർ | പുനഃക്രമീകരിച്ച സീനിയോറിറ്റി നമ്പർ |
|---|---|---|
| 2016 | -- | 11 (a) |
| 2017 | -- | 11 (a) |
| 2018 | -- | 12 (a) |
| 2019 | -- | 13 (a) |

D. എച്ച്.എസ്.എസ്.റ്റി ജൂനിയർ ഫിസിക്സ് വിഷയത്തിൽ എച്ച്.എസ്.എ വിഭാഗത്തിൽ നിന്നും അപേക്ഷ സമർപ്പിച്ച ശ്രീ.റോയി ജോർജ് നെ (Application No. 1002910) 2018 വർഷത്തെ എച്ച്.എസ്.എ വിഭാഗത്തിലെ സീനിയോറിറ്റി ലിസ്റ്റിൽ സീരിയൽ നമ്പർ 70(a) ആയി ഉൾപ്പെടുത്തി സീനിയോറിറ്റി പുനഃക്രമീകരിക്കുന്നു.

E. എച്ച്.എസ്.എസ്.റ്റി ജൂനിയർ സോഷ്യാളജി വിഷയത്തിൽ ലാബ് അസിസ്റ്റന്റ് വിഭാഗത്തിൽ സീരിയൽ നമ്പർ 4 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.ഫ്രാൻസിസ് എ യുടെ

(Application No. 7000007) സീനിയോറിറ്റി ലിസ്റ്റിലെ വിവരങ്ങൾ ചുവടെ ചേർക്കുംപ്രകാരം update ചെയ്യുന്നു.

| Sl. No | Application Number | Name | Date of birth | Date of Joining | Name of School | Qualification | Qualifying Year | Probation Year | Final year | PSc advice date | PSC Advice Sl.No. |
|---|---|---|---|---|---|---|---|---|---|---|---|
| 4 | 7000007 | Francis A | 30/05/1980 | 24/08/2009 | GHSS Kodumunda Palakkad (9105) | MA Sociology (2006) B.Ed Physical Science (2004) SET-Sociology (2017) | 2017 | 2011 | 2017 | 29/01/2009 | 14 |

F. എച്ച്.എസ്.എസ്.റ്റി ജൂനിയർ ഗണിതം വിഷയത്തിലെ ലാബ് അസിസ്റ്റന്റ് വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ.വിൻസന്റ് പി പോൾ (Application No. 1007107) – ന്റെ സ്കൂൾ ഗവൺമെന്റ് എച്ച്.എസ്.എസ്. ബെല്ല ഈസ്റ്റ് എന്നത് എ.എം.എം.ആർ. ജി.എച്ച്.എസ്.എസ്. നല്ലൂർനാട്, വയനാട് ആയി തിരുത്തി update ചെയ്യുന്നു .

G. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) സുവോളജി വിഷയത്തിൽ എച്ച്.എസ്.എ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി മിഷ ഡി യുടെ (Application No. 1004148) സീനിയോറിറ്റി ചുവടെ പറയും പ്രകാരം പുനഃക്രമീകരിക്കുന്നു

| വർഷം | നിലവിലത്തെ സീനിയോറിറ്റി നമ്പർ | പുനഃക്രമീകരിച്ച സീനിയോറിറ്റി നമ്പർ |
|---|---|---|
| 2016 | 92 | 85 (a) |
| 2017 | 92 | 85 (a) |
| 2018 | 92 | 85 (a) |
| 2019 | 93 | 86 (a) |
| 2020 | 95 | 87 (a) |

H. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കൊമേഴ്സ് വിഷയത്തിൽ യു.പി.എസ്.എ/ എൽ.പി.എസ്.എ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ. മാണിക്കുഞ്ഞ് ഒ പി യുടെ (Application No. 1000532) സീനിയോറിറ്റി ചുവടെ പറയും പ്രകാരം പുനഃക്രമീകരിക്കുന്നു.

| വർഷം | നിലവിലത്തെ സീനിയോറിറ്റി നമ്പർ | പുനഃക്രമീകരിച്ച സീനിയോറിറ്റി നമ്പർ |
|---|---|---|
| 2018 | 13 | 30 (a) |
| 2019 | 14 | 38 (a) |
| 2020 | 14 | 42 (a) |

I. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മലയാളം വിഷയത്തിൽ യു.പി.എസ്.എ/ എൽ.പി.എസ്.എ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി റജില ബീഗം.എ യുടെ (Application No. 1003080) സീനിയോറിറ്റി ചുവടെ പറയും പ്രകാരം പുനഃക്രമീകരിക്കുന്നു.

| വർഷം | നിലവിലത്തെ സീനിയോറിറ്റി നമ്പർ | പുനഃക്രമീകരിച്ച സീനിയോറിറ്റി നമ്പർ |
|---|---|---|
| 2017 | 30 | 11 (a) |
| 2018 | 30 | 11 (a) |
| 2019 | 31 | 12 (a) |
| 2020 | 31 | 12 (a) |

J. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഫിസിക്സ് വിഷയത്തിൽ എച്ച്.എസ്.എ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ പ്രണബ് കുമാർ വി യുടെ (Application No. 1002337) സീനിയോറിറ്റി ചുവടെ പറയും പ്രകാരം പുനഃക്രമീകരിക്കുന്നു.

| വർഷം | നിലവിലത്തെ സീനിയോറിറ്റി നമ്പർ | പുനഃക്രമീകരിച്ച സീനിയോറിറ്റി നമ്പർ |
|---|---|---|
| 2017 | 54 | 12(a) |
| 2018 | 57 | 14(a) |

K. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കൊമേഴ്സ് വിഷയത്തിൽ യു.പി.എസ്.എ/ എൽ.പി.എസ്.എ വിഭാഗത്തിൽ 2020 വർഷത്തെ സീനിയോറിറ്റി ലിസ്റ്റിൽ സീരിയൽ നമ്പർ 45 ആയി തെറ്റായി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ആശ റ്റി യെ (Application No. 1006106) സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കി 2020 ലെ സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നു.

L. എച്ച്.എസ്.എസ്.റ്റി ജൂനിയർ സുവോളജി വിഷയത്തിൽ എച്ച്.എസ്.എ വിഭാഗത്തിൽ നിന്നും 2017, 2019 വർഷത്തെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 10. 27 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി പ്രവിത പി.സി, ശ്രീ.മുഹമ്മദലി മീത്തല എന്നിവരെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കി സീനിയോറിറ്റി പുനഃക്രമീകരിക്കുന്നു.

M. എച്ച്.എസ്.എസ്.റ്റി ജൂനിയർ ഹിസ്റ്ററി വിഷയത്തിലെ എച്ച്.എസ്.എ വിഭാഗത്തിൽ 2018 വർഷത്തെ സീനിയോറിറ്റി ലിസ്റ്റിൽ സീരിയൽ നമ്പർ 18 മുതൽ 23 വരെ ഉൾപ്പെട്ടിട്ടുള്ള അദ്ധ്യാപകരെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കി 2018 ലെ സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നു.

N. എച്ച്.എസ്.എസ്.റ്റി ജൂനിയർ ഗണിതം വിഷയത്തിലെ എച്ച്.എസ്.എ വിഭാഗത്തിൽ 2017 വർഷത്തെ സീനിയോറിറ്റി ലിസ്റ്റിൽ സീരിയൽ നമ്പർ 82 മുതൽ 86 വരെയും 2018 വർഷത്തെ സീനിയോറിറ്റി ലിസ്റ്റിൽ സീരിയൽ നമ്പർ 86 മുതൽ 90 വരെയും 2019 വർഷത്തെ സീനിയോറിറ്റി ലിസ്റ്റിൽ സീരിയൽ നമ്പർ 88 മുതൽ 92 വരെയും ഉൾപ്പെട്ടിട്ടുള്ള അദ്ധ്യാപകരെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കി 2017,2018,2019 വർഷത്തെ സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നു.

മേൽ ഭേദഗതികളോടെ പരാമർശം (5) ഉത്തരവ് നിലനിൽക്കുന്നതാണ്.

ഒപ്പ്/-
**ജീവൻ ബാബു.കെ, ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**പകർപ്പ്**

1. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്/ജീവനക്കാർക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾ , ഡി.ഇ.ഒ/എ.ഇ.ഒ, എച്ച്.എം, ആർ.ഡി.ഡി
3. സി.എ റ്റു പൊതുവിദ്യാഭ്യാസ ഡയറക്ടർ
4. സി.എ റ്റു സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. കരുതൽ ഫയൽ/അധികം

ആജ്ഞാനുസരണം

സൂപ്രണ്ട്

La